ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചേർപ്പ് പോലീസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണം, പെരിങ്ങോട്ടുകരയിൽ പുതിയ സ്റ്റേഷൻ

49 [1625] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് പോലീസ് സ്റ്റേഷനും സർക്കിൾ ഇൻസ്പെക്ടർ ഓഫീസും പോലീസ് ക്വാർട്ടേഴ്സും പുതിക്കിപ്പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) അന്തിക്കാട്, ചേർപ്പ് പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് പെരിങ്ങോട്ടുകരയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) പെരിങ്ങോട്ടുകരയിൽ പോലീസിന്റെ പഴയ ഔട്ട്പോസ്റ്റ് സ്ഥലവും, കെട്ടിടവും ഇപ്പോൾ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) അവണിശ്ശേരി ഗ്രാമപഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ നെടുപുഴ, ചേർപ്പ്, ഒല്ലൂർ എന്നീ മൂന്ന് പോലീസ് സ്റ്റേഷനുകളുടെ കീഴിലും തൃശ്ശൂർ, ഒല്ലൂർ, ചേർപ്പ് എന്നീ സർക്കിളുകളുടെ കീഴിലുമാണെന്നത് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശങ്ങൾ ഒരു സർക്കിളിന്റെയും സ്റ്റേഷന്റെയും കീഴിലാക്കുന്നതിന് നടപടി എടുക്കുമോ;

(ഇ) അന്തിക്കാട്, നെടുപുഴ, ചേർപ്പ് പോലീസ് സ്റ്റേഷനുകളിലെ പോലീസ് സ്ട്രെങ്ത് എത്ര; ഇതിൽ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചേർപ്പ് പോലീസ് സ്റ്റേഷനും സർക്കിൾ ഓഫീസിനും കെട്ടിടങ്ങൾ പണിയുന്നതിന് വേണ്ട തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പണികൾക്ക് കെ.പി.എച്ച്.സി.സി. ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സ് പണിയുന്ന കാര്യം മോഡണൈസേഷൻ ഓഫ് പോലീസ് സ്കീം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഡി.ജി.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ഇപ്പോൾ ഈ കാര്യം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ഇ) അന്തിക്കാട് 32, നെടുപുഴ 30, ചേർപ്പ് 33 എന്നിങ്ങനെയാണ് ഈ പോലീസ് സ്റ്റേഷനുകളിലെ സ്ട്രെങ്ത്. നെടുപുഴ പോലീസ് സ്റ്റേഷനിൽ രണ്ട് പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവ് ഉണ്ട്.

വടകര പോലീസ് സ്റ്റേഷനിൽ ട്രാഫിക് ഓഫീസ് സംവിധാനം

50 [1626] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര പോലീസ് സ്റ്റേഷനിൽ പ്രത്യേക ട്രാഫിക് ഓഫീസ് സംവിധാനമുണ്ടോ; ഇവിടെ എത്ര പോലീസ് ഓഫീസേഴ്സും എത്ര കോൺസ്റ്റബിൾമാരും ഉണ്ട് എന്നു വ്യക്തമാക്കുമോ;

(ബി) അവർക്ക് ആവശ്യത്തിന് വാഹനങ്ങൾ നൽകിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(സി) മുരാട് പാലം, നാരായണനഗരം, അടക്കാതെരു ജംഗ്ഷൻ എന്നിവിടങ്ങളിലും അഞ്ചുവിളക്ക്, പഴയ ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലും ട്രാഫിക് നിയന്ത്രിക്കാൻ ആവശ്യമായ പോലീസിനെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ ട്രാഫിക് പോലീസിനെ പോസ്റ്റ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വടകര പോലീസ് സ്റ്റേഷനിൽ പ്രത്യേക ട്രാഫിക് സംവിധാനം നിലവിലുണ്ട്. ഒരു എസ്.ഐ.-യും ഏഴ് എച്ച്.സി.-മാരും ഇരുപത്തിനാല് പോലീസ് കോണ്ടസ്റ്റബിൾമാരും നിലവിലുണ്ട്.

(ബി) നൽകിയിട്ടുണ്ട്. ഒരു ജീപ്പും ഒരു മോട്ടോർ സൈക്കിളും നൽകി യിട്ടുണ്ട്.

(സി) നിയമിച്ചിട്ടുണ്ട്.

(ഡി) മേൽ 'സി'-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly